# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1184 11.02.2016 ൽ മറുപടിയ്ക്ക്

## പട്ടയ വിതരണത്തിനുള്ള നടപടി

ചോദ്യം
ശ്രീ.രാജു എബ്രഹാം

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | റാന്നി നിയോജക മണ്ഡലത്തിലെ അത്തിക്കയം, തെക്കേതൊട്ടി, ചൂരക്കുഴി, പെരുമ്പെടി, അറയാഞ്ഞിലിമൺ, പമ്പാവാലി പ്രദേശങ്ങളിലെ പട്ടയ വിതരണത്തിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ; ഓരോ പ്രദേശത്തും എത്ര കുടുംബങ്ങൾക്കാണ് ഇനി പട്ടയം ലഭിക്കാനുള്ളത്; | (എ)യും (ബി)യും<br>റാന്നി താലൂക്കിലെ പഴവങ്ങാടി വില്ലേജിലെ ചൂരക്കുഴി പ്രദേശത്തെ 224 കൈവശങ്ങളിൽ 174 കൈവശങ്ങൾക്ക് പട്ടയം നൽകി, ബാക്കി 50 പട്ടയങ്ങൾ കൂടി വിതരണം ചെയ്യാനുണ്ട്. പമ്പാവാലി പ്രദേശത്ത് ഇനിയും നൽകാൻ ഉണ്ടായിരുന്ന 290 പട്ടയങ്ങളിൽ 207 പട്ടയങ്ങൾ 2015 സെപ്റ്റംബർ മാസത്തിലെ പട്ടയമേളയിൽ വിതരണം ചെയ്തു. ബാക്കി 83 പട്ടയങ്ങൾകൂടി വിതരണം ചെയ്യാനുണ്ട്. അത്തിക്കയം വില്ലേജിലെ തെക്കേത്തൊട്ടി, കൊല്ലമുള വില്ലേജിലെ അറയാഞ്ഞിലിമൺ എന്നീ സ്ഥലങ്ങളിലെ കൈവശങ്ങൾക്ക് പട്ടയം നൽകിയിട്ടില്ല. തെക്കേത്തൊട്ടി പ്രദേശത്ത് 117 കുടുംബങ്ങളും അറയാഞ്ഞിലിമൺ പ്രദേശത്ത് 540 കുടുംബങ്ങളും താമസിച്ചു വരുന്നു. മല്ലപ്പള്ളി താലൂക്കിന്റെ പരിധിയിൽ വരുന്ന പെരുമ്പെട്ടി പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം നൽകിയിട്ടില്ല. ചൂരക്കുഴി, പമ്പാവാലി പ്രദേശത്തെ സർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. അത്തിക്കയം 46 ഏക്കറിൽ |
| (ബി) | പട്ടയം നൽകാനായി ഓരോ പ്രദേശത്തും എന്തൊക്കെ നടപടികളാണ് പൂർത്തിയായിട്ടുള്ളത്; എത്ര അപേക്ഷകൾ വീതം ലഭിച്ചിട്ടുണ്ട്; | |

| | | |
|---|---|---|
| | | 101 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും, തെക്കേത്തൊട്ടി, അറയാഞ്ഞിലിമൺ, പെരുമ്പെട്ടി എന്നിവിടങ്ങളിൽ നിന്നും വ്യക്തിഗത അപേക്ഷകൾ ലഭിച്ചിട്ടില്ലാത്തതുമാണ്. |
| (സി) | ഓരോ ഭാഗത്തും പട്ടയം ലഭിക്കുന്നതിനായി എത്ര സർവ്വേ ടീമുകളെ നിയോഗിച്ചിട്ടുണ്ട്; ഇവരുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | പമ്പാവാലിയിൽ 2 ടീമിനെയും, ചൂരക്കുഴിയിൽ 1 ടീമിനെയും നിയോഗിച്ച് കൈവശങ്ങൾ തിട്ടപ്പെടുത്തി റിക്കാർഡുകൾ തയ്യാറാക്കുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | ഓരോ പ്രദേശത്തും എത്ര പേർക്ക് പട്ടയം നൽകി എന്നും, അവശേഷിക്കുന്നവർക്ക് എന്ന് പട്ടയം നൽകും എന്ന് വിശദമാക്കാമോ? | പമ്പാവാലി പ്രദേശത്ത് 290 ൽ 207 കൈവശങ്ങൾക്കും ചൂരക്കുഴിയിൽ 224 ൽ 174 കൈവശങ്ങൾക്കും പട്ടയം നൽകിയിട്ടുണ്ട്. പമ്പാവാലിയിൽ 83 ഉം ചൂരക്കുഴിയിൽ 50 ഉം പട്ടയങ്ങൾ വിതരണം ചെയ്യാനുണ്ട്. ഇതിൽ 70 പട്ടയങ്ങൾ അടുത്തപട്ടയമേളയിൽ വിതരണം ചെയ്യാൻ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ